# ജി എൽ പി സ്കൂൾ അരങ്ങ്

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 - 26

GOVERNMENT L.P. SCHOOL
P.O. ARANGU
Pin-670 582
ARANGU

SEENA VINCENT
PEN: 632870
Headmistress
GLPS Arangu
Education (Dept)

# ഉള്ളടക്കം.

⟹ അടിസ്ഥാന വിവരങ്ങൾ

⟹ ആമുഖം

⟹ ലക്ഷ്യങ്ങൾ

⟹ വരുന്ന ഒരു വർഷം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

⟹ പ്രതീക്ഷിത നേട്ടങ്ങൾ

⟹ മോണിറ്ററിംഗ്

⟹ ഉപസംഹാരം.

# സ്കൂൾ അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ.പി സ്കൂൾ അരങ്ങ്.

വിലാസം : അരങ്ങ് പി.ഒ, നടുവിൽ

സ്ഥാപിതം : 1981

സ്കൂൾ കോഡ് : 13702.

ഇ. മെയിൽ : glps arangu 2016@gmail.com.

വില്ലേജ് : ന്യൂ നടുവിൽ.

ഗ്രാമപഞ്ചായത്ത് : നടുവിൽ.

ബ്ലോക്ക് : തളിപ്പറമ്പ്.

റവന്യു ജില്ല : കണ്ണൂർ.

വിദ്യാഭ്യാസ ജില്ല : തളിപ്പറമ്പ്.

ഉപജില്ല : തളിപ്പറമ്പ് നോർത്ത്.

ബി.ആർ.സി : തളിപ്പറമ്പ്.

അസംബ്ലി മണ്ഡലം : ഇരിക്കൂർ.

പാർലമെന്റ് മണ്ഡലം : കണ്ണൂർ.

# ആമുഖം

നടുവിൽ ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മലയോരത്തോട് ചേർന്നു കിടക്കുന്ന പ്രകൃതിരമണീയമായ അരങ്ങ് പ്രദേശത്തിന്റെ കിഴക്കു ഭാഗത്തായി പ്രവർത്തിക്കുന്ന അരങ്ങ് ഗവ: എൽ. പി സ്കൂൾ 1981-ൽ സ്ഥാപിതമായി. ആരംഭകാലഘട്ടങ്ങളിൽ കുട്ടികളെ കൊണ്ട് സമ്പന്നമായിരുന്ന ഈ വിദ്യാലയം ഇന്ന് കുട്ടികളുടെ എണ്ണം കുറവു കൊണ്ട് വളരെ ബുദ്ധിമുട്ടിയാണ് പ്രവർത്തിക്കുന്നത്.

അരങ്ങ് പ്രദേശത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈ നാട്ടിലെ ആദ്യകാല കുടിയേറ്റ കർഷകനായ കുന്നേൽ മത്തായി ദാനമായി നൽകിയ ഒന്നരയേക്കർ ഭൂമിയും നാട്ടുകാരുടെ നിർലോഭമായ സഹകരണവും കൊണ്ട് ഈ വിദ്യാലയം ഇവിടെ സ്ഥാപിതമായി. ഇതിന്റെ ആരംഭകാലത്ത് ഈ പ്രദേശത്ത് ഭൂരിഭാഗം കുട്ടികളും പ്രാഥമിക വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരു

നത് ഈ വിദ്യാലയത്തെയാണ്.

സമഗ്ര ശിക്ഷാ അഭിയാൻ-ന്റെ പ്രവർത്തനവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഈ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്ക് വലിയ മാറ്റം ഉണ്ടാക്കി. കോൺക്രീറ്റ് കെട്ടിടം, ഓരോ ക്ലാസിനും പ്രത്യേക ക്ലാസ്സ് മുറികൾ, ആവശ്യത്തിന് ഇരിപ്പിട സൗകര്യം കുട്ടികൾക്ക് ആവശ്യമായ മൂത്രപ്പുരകൾ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഉച്ചഭക്ഷണത്തിനാവശ്യമായ മോശമല്ലാത്ത പാചകപ്പുര. ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയൊക്കെ ലഭ്യമായി.

ഇതൊക്കെ ഉണ്ടായിട്ടും സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്ന ഭീഷണി നാം നേരിടാൻ തുടങ്ങിയിട്ട് കുറച്ചു വർഷമായി. കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നു. പൊതു ജനങ്ങൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള താല്പര്യവും, ചില പ്രാദേശിക താല്പര്യങ്ങളും, പ്രീപ്രൈമറി, വിദ്യാവാഹിനി (ഗോത്രസാരഥി) വാഹനം ഇല്ലാത്തതും, യു.പി സ്കൂളിന്റെ അഭാവവും വിദ്യാർത്ഥികളുടെ എണ്ണം കുറയാൻ കാരണ

മായിട്ടുണ്ട്. എന്നിരുന്നാലും സ്കൂളിന്റെ ആകർഷകമായ ഭൗതിക സാഹചര്യം ഇനിയും മെച്ചപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്.

പ്രവർത്തനം I

പേര് : പുസ്തകം എന്റെ ചങ്ങാതി.

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | തിരഞ്ഞെടുക്കപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം വീതം ഓരോ പുസ്തകം പരിചയപ്പെടുത്തുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ. | വിദ്യാരംഗം കലാസാഹിത്യ വേദിയുടെ അംഗങ്ങൾ. | |

പ്രവർത്തനം II

ഉപമേഖല : വായന.

പേര് : എന്റെ പിറന്നാൾ പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ്ലൈബ്രറി തയ്യാറാക്കുന്നതിനായി എന്റെ പിറന്നാൾ പുസ്തകത്തിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം - III

പേര് - പത്രവായന

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | സ്കൂൾ അസംബ്ലിയിൽ ഓരോ ദിവസവും തിരഞ്ഞെടുക്കപ്പെട്ട കുട്ടി പത്രവായന നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | വിദ്യാരംഗം ക്ലാസ്സ് അധ്യാപകർ. | |

പ്രവർത്തനം - IV

പേര് - സ്കൂൾ ലൈബ്രറി, വായനാ കോർണർ.

ഉപമേഖല - വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി സ്കൂൾതല വായനക്കായി ഒരുക്കൽ. ക്ലാസ്തല വായനകോർണറിന് ആവശ്യമായ പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് തെരഞ്ഞെടുത്ത് ഓരോ ക്ലാസിനും വായനാമൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, വിദ്യാരംഗം ക്ലബ്ബ് അംഗങ്ങൾ | |

പ്രവർത്തനം – 5

പേര് – ക്ലാസ് തല പതിപ്പുകൾ

ഉപമേഖല – ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെയും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള പതിപ്പുകൾ, ക്ലാസ് തല പ്രവർത്തനങ്ങളുടെ പതിപ്പുകൾ എന്നിവ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | വിവിധ ക്ലബ്ബ് അംഗങ്ങൾ, ക്ലാസ് ടീച്ചർ. | |

പ്രവർത്തനം – 6

പേര് – എന്റെ വായനാ കുറിപ്പുകൾ.

ഉപമേഖല – ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം – 7

പേര് – കയ്യെഴുത്തു മാസികകൾ, പ്രിന്റഡ് മാഗസിൻ

ഉപമേഖല . ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെയും പഠന പ്രവർത്തനങ്ങളും ദിനാചരണങ്ങളും ഉൾപ്പെടുത്തിയ രചനകൾ പ്രസിദ്ധീകരിക്കൽ | ഓരോ ടേമിലും ഒന്ന് വീതം. പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ക്ലബ്ബ് എല്ലാ അധ്യാപകരും. | |

പ്രവർത്തനം – 8

പേര് – രചനോത്സവം

ഉപമേഖല – ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ്ബ് | |

പ്രവർത്തനം - 9.

പേര് ÷ സർഗ്ഗവേള

ഉപമേഖല - പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികളുടെയും സർഗ്ഗാത്മകമായ കഴിവുകൾ വളർത്തുക. | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച കുട്ടിക്കവിതകളും, കഥകളും, മറ്റും അവതരിപ്പിക്കാനുള്ള അവസരം. | ജൂൺ മുതൽ മാർച്ച് വരെ എല്ലാ വെള്ളിയാഴ്ചയും. | അധ്യാപകർ. | |

പ്രവർത്തനം - 10

പേര് - പ്രഭാതക്ലാസ്സ്

ഉപമേഖല - ആശയഗ്രഹണത്തിലൂടെ ലേഖനത്തിലേക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയവിനിമയശേഷി കൈവരിക്കൽ | മലയാളം, ഇംഗ്ലീഷ്, കണക്ക് എന്നി വിഷയങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് എല്ലാ ക്ലാസിലെയും കുട്ടികൾക്ക് പഠനപുരോഗതിക്കായി സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ജനുവരി വരെ. | തെരഞ്ഞെടുത്ത അധ്യാപകർ. | |

പ്രവർത്തനം - 11

പേര് - പാട്ടരങ്ങ്. ഉപമേഖല - ഭാഷാ സമൃദ്ധി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവ പ്രകടനം. ശബ്ദ പ്രയോഗം സംഗീതാത്മകത ഇടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് രാഗ - താള - ഈണങ്ങളുമായി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | സ്കൂൾ വിദ്യാരംഗം ക്ലബ്ബ് ക്ലാസ്സ് അധ്യാപകർ | |

പ്രവർത്തനം - 12

പേര് - റീഡേഴ്സ് തിയേറ്റർ. ഉപമേഖല - വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| വായനാ താല്പര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം —1

ഉപമേഖല – പ്രകടനവേദികൾ

പേര് – ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം

ഉപമേഖല- വായനാ സാമഗ്രി

പേര്: Reading card work shoap

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ്ങ് കാർഡ് നിർമ്മിക്കൽ | ആഗസ്റ്റ് | ഇംഗ്ലീഷ് ക്ലബ്ബ് | |

## പ്രവർത്തനം - 3

ഉപമേഖല - എഴുത്ത്.

പേര് - Work sheet work shoap

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | സെപ്റ്റംബർ | എസ് ആർ ജി. | |

## പ്രവർത്തനം - 4

ഉപമേഖല - വായന.

പേര് - ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | കുട്ടികളുടെ പാനപ്രവർത്തനവുമായി ബന്ധപ്പെട്ട ലഭ്യമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന ഇടം. | ജൂൺ മുതൽ മാർച്ച് വരെ. | | |

പ്രവർത്തനം - 1

ഉപമേഖല - വർക്ക്ഷീറ്റ്

പേര് - ഗണിത വർക്ക് ഷീറ്റ് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ. | ഓരോ ടേമിന്റെയും ഇടക്കാലത്തിൽ | ഗണിത ക്ലബ്ബ് അധ്യാപകർ | |

പ്രവർത്തനം - 2

ഉപമേഖല - ഗണിതമധുരം

പേര് - ഗണിതലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ആശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | കുട്ടികൾക്ക് ആവശ്യമായ തരത്തിൽ ഗണിത ലാബ് സജ്ജീകരിക്കൽ | 2025-26 | ഗണിതക്ലബ്ബ് PTA. | |

പ്രവർത്തനം - 3

ഉപമേഖല - ഗണിതമധുരം

പേര് - ഗണിതമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന്. | മഞ്ചാടി, ഇൻർക്കിൽ, സംഖ്യാ കാർഡുകൾ, കല്ല്, കളി നോട്ടുകൾ എന്നിങ്ങനെ ഇടങ്ങിയവ ഉപയോഗിച്ച് ഗണിതമൂലകൾ ഒരുക്കൽ. | ജൂലൈ മുതൽ ആഗസ്റ്റ് വരെ. | ഗണിത ക്ലബ്ബ്. | |

പ്രവർത്തനം - 4

ഉപമേഖല - പഠനപ്രവർത്തന വിലയിരുത്തൽ

പേര് : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠന നേട്ടങ്ങൾ ഉള്ളടക്കപരമായ ധാരണ കൈവരിച്ചു എന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസ്സ് അടിസ്ഥാനത്തിൽ ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 5

ഉപമേഖല - ഗണിത കേളി

പേര് - ഗണിതമധുരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ | ജൂൺ മുതൽ ഒക്ടോബർ വരെ | ക്ലാസ് ടീച്ചർ ഓരോ അധ്യാപകരും | |

പ്രവർത്തനം - 6

ഉപമേഖല - ഗണിത കേളി

പേര് - ചതുഷ്ക്രിയ ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | പാഠപുസ്തകത്തിനു പുറമേ 2 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി അധിക പരിശീലനം | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഓരോ അധ്യാപകരും ഗണിത ക്ലബ്ബ് | |

പ്രവർത്തനം - 1

ഉപമേഖല - ലാബ് ശാക്തീകരണം

പേര് - ശാസ്ത്ര പഠനോപകരണം തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ. | ആഗസ്റ്റ് മുതൽ സെപ്റ്റംബർ ഓരോ ടേം. | ശാസ്ത്രക്ലബ്ബ്. | |

പ്രവർത്തനം - ചിന്റെ പരീക്ഷണം കുറിപ്പ് തയ്യാറാക്കൽ

ഉപമേഖല - ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | എല്ലാ മാസവും. | ശാസ്ത്രക്ലബ്ബ്. | |

പ്രവർത്തനം - 3

പേര് - ലഘുപരീക്ഷണം

ഉപമേഖല - ശാസ്ത്ര പഠനം രസകരമാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം രസകരമാക്കുന്നു. | ആവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിച്ചു 3, 4 ക്ലാസുകളിലെ കുട്ടികൾ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ ശാസ്ത്ര ക്ലബ്ബ്. | |

പ്രവർത്തനം - 4

പേര് - ചരിത്രമറിയാം ...

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ബോധം വളർത്തൽ, സ്വാതന്ത്ര്യ സമര ചരിത്രം പരിചയപ്പെടുത്തൽ | സ്വാതന്ത്ര്യ സമരചരിത്രവുമായി ബന്ധപ്പെട്ട മഹത് വ്യക്തികളെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും ഫോട്ടോകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര ക്ലബ്ബ് SRG കൺവീനർ | |

പ്രവർത്തനം – 1

പേര് – പ്രാദേശിക അറിവ്

ഉപമേഖല – സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ചർച്ചകൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരം ഒരുക്കുന്നു. | ഓരോ ടേമിലും | ഹരിതക്ലബ്ബ്, ഇക്കോ ക്ലബ്ബ്, അംഗങ്ങൾ ക്ലാസ് ടീച്ചർ. | |

പ്രവർത്തനം – 2

പേര് – ഫീൽഡ് ട്രിപ്പ്

ഉപമേഖല – പൊതുസ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | പോലീസ്സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, ആശുപത്രികൾ, ലൈബ്രറികൾ, ബാങ്ക് തുടങ്ങിയവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ ടേമിലും. | ക്ലാസ്ടീച്ചർ. | |

പ്രവർത്തനം –1

പേര് – വിവരസാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല – അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ. | ഓരോ മാസത്തിലും | അധ്യാപകർ, SITC. | |

പ്രവർത്തനം –2

പേര് – IT

ഉപമേഖല – കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം. | ICT പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ, SITC. | |

പ്രവർത്തനം – 1

പേര് – പ്രവൃത്തി പരിചയ ശിൽപശാല

ഉപമേഖല – നിർമാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. | ജൂൺ മുതൽ സെപ്തംബർ വരെ. | | |

പ്രവർത്തനം – 2

പേര് – ഒറിഗാമി

ഉപമേഖല – കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനവുമായി പ്രവൃത്തിപരിചയ സങ്കേതത്തെ ബന്ധിപ്പിക്കുക. | പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നേടൽ | | | |

പ്രവർത്തനം – 1

പേര് – സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സുകളിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും | SRG. വിദ്യാരംഗം ക്ലബ്ബ് | |

പ്രവർത്തനം – 2 ഉപമേഖല –

പേര് :- ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്നബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | ആലാപനം, ചിത്രരചന, നൃത്തം, മേഖലകളിൽ മികച്ച കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA. | |

പ്രവർത്തനം — 1

ഉപമേഖല - എയറോബിക്സ് എക്സർസൈസ്

പേര് - കായികാരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിലൂടെ ആരോഗ്യം അറിവും വർദ്ധിപ്പിക്കുന്നു. മിനിമം കായികക്ഷമത ഉറപ്പാക്കുന്നു. | PT പീര്യേഡിൽ കുട്ടികൾക്ക് ഫിസിക്കൽ എക്സർസൈസ്, വിവിധ തരം കളികൾ പരിചയപ്പെടുത്തൽ ഇവ ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ആരോഗ്യ ക്ലബ്ബ് അംഗങ്ങൾ കൺവീനർ | |

പ്രവർത്തനം - 2

ഉപമേഖല - ആരോഗ്യം

പേര് - Health checkup

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികളും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ഹെൽത്ത് ചെക്കപ്പ്. | ഓരോ ടേമിലും ഒരോ ഒന്ന്. | ആരോഗ്യ ക്ലബ്ബ് SRG കൺവീനർ | |

# വരുന്ന ഒരു വർഷം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

⇒ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് എഴുത്തും വായനയും മെച്ചപ്പെടുത്തൽ.

⇒ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

⇒ സ്കൂൾ പൂന്തോട്ടം

⇒ അടുക്കളയിലേക്ക് ആവശ്യമായ പച്ചക്കറി തോട്ടം

⇒ കളി ഉപകരണങ്ങൾ പരിചയപ്പെടൽ, ഉപയോഗം

⇒ ദിനാചരണങ്ങൾ അവയുടെ പ്രധാന്യം മനസിലാക്കൽ

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- അഡ്മിഷൻ നിരക്ക് വർദ്ധിപ്പിക്കുന്നു.
- വിദ്യാലയ പ്രവർത്തനങ്ങളിൽ സമൂഹത്തിന് ഇടപെടാൻ അവസരം ലഭിക്കുന്നു.

## മോണിറ്ററിംഗ്

* ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് കൂടുതൽ ശക്തമാക്കുന്നു.
* ദൈനംദിന മോണിറ്ററിംഗ് ഹെഡ്മാസ്റ്റർ, S.R.G. കൺവീനർ, പിടി എ പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങൾ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമി ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനും, ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായമാകുന്ന രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.